വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം

1228 [1961] ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീം പൂർത്തിയായോ ;

(ബി) പൂർത്തിയായെങ്കിൽ എന്നാണ് പൂർത്തിയായത്. മൊത്തം എത്ര തുക ഈ സ്കീമിനുവേണ്ടി ചെലവാക്കി;

(സി) ഈ സ്കീം കൊണ്ട് എത്ര ഏക്കർ സ്ഥലത്തെ കൃഷിക്കാണ് പ്രയോജനം ലഭിക്കുന്നത്:

(ഡി) സ്കീം നടപ്പിലാക്കിയ ശേഷവും പതിവായി കൃഷിനാശം സംഭവിക്കുന്നുവെന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സ്കീം ഒരു പരാജയമായിരിക്കുന്ന സാഹചര്യത്തിൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഗവൺമെൻറിന്റെ ഉദ്ദേശം ?

ഉത്തരം

(എ) അനുമതി നൽകിയ എസ്റ്റിമേറിൻപ്രകാരമുള്ള വെള്ളായണിക്കായൽ റിക്ലമേഷൻ പദ്ധതിയുടെ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) 31-12-1974-ൽ പൂർത്തിയായി. 25 ലക്ഷത്തോളം രൂപ ഇതുവരെ ചെലവായി.

(സി) 1402 ഏക്കർ സ്ഥലത്തെ കൃഷിക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) സ്കീം നടപ്പിലാക്കിയശേഷം പതിവായി കൃഷിനാശം സംഭവിക്കുന്നില്ല. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ അതിവൃഷ്ടിയും തൽഫലമായ വെള്ളക്കെടുതിയും മൂലം കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(ഇ) ഈ സ്കീമിന്റെ പൂർത്തിയാക്കിയ ജോലി പരാജയമായിട്ടില്ല. ഈ സ്കീം കുറെക്കൂടി ഫലപ്രദമാക്കുന്നതിന് രണ്ടാം ഘട്ടമായി അധികജോലികൾ ചെയ്യേണ്ടത് ആവശ്യമാണ്. ആയതിലേക്ക് വിശദമായ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധിക ജോലികൾ കൂടി ചെയ്തുകഴിയുമ്പോൾ ഈ പദ്ധതി മുഖാന്തിരം കൂടുതൽ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതാണ്.

കൊക്കോ ഉൽപ്പാദനം

1229 [1962] ശ്രീ. എൻ. പി. മൊയ്തീൻ :
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ :
ശ്രീ. കെ. സുകുമാരനുണ്ണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് കൊക്കോയുടെ ഉൽപ്പാദനം ലക്ഷ്യം എത്രയാണ് ; ഈ ലക്ഷ്യം നേടാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രതിവർഷം 1600 മെട്രിക് ടൺ എന്ന തോതിൽ അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്തിലെ മൊത്തം ഉൽപ്പാദന ലക്ഷ്യം 8,000 മെട്രിക് ടൺ ആണ്. ഈ ലക്ഷ്യം നേടുവാൻ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. 1978-79 സാമ്പത്തിക വർഷം മുതൽ 1984-85 സാമ്പത്തിക വർഷം വരെ ഏഴു വർഷങ്ങളിലായി മൊത്തം 25,000 ഹെക്ടർ സ്ഥലത്ത് പുതുതായി കൊക്കോ കൃഷി വ്യാപിപ്പിക്കുക.

2. ഫാർസ്റ്റിനിയോ ഇനത്തിൽപ്പെട്ട കൊക്കോ തൈകൾ ഉൽപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുക.

3. കൊക്കോ കൃഷിയെ സംബന്ധിച്ചും കൊക്കോക്കുരു ശുദ്ധീകരിക്കുന്നതിനെ സംബന്ധിച്ചും ഉള്ള സാങ്കേതിക വിജ്ഞാനം കൃഷിക്കാർക്ക് നൽകുക.

4. കൊക്കോ വിപണന സംരംഭങ്ങൾ തുടങ്ങുക.

5. കൊക്കോ കൃഷിക്ക് വേണ്ടുന്ന ദീർഘകാല വായ്പ സാമ്പത്തിക സ്ഥാപനങ്ങൾ മുഖാന്തിരം ഏർപ്പാട് ചെയ്യുക.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. അടിയന്തിര പ്രമേയം

കുമ്പഴ ബസ്സപകടം മൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച്

മി. സ്പീക്കർ: 37 പേർ മരണമടയുകയും 100-ൽപരം പേർക്ക് പരിക്കേൽക്കുകയും ചെയ്യാൻ ഇടയാക്കിയ കുമ്പഴ 9-30 A. M. ബസ്സപകടം മൂലം ഉണ്ടായ അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. ജെ. തോമസ്, ശ്രീ. ടി. രാമകൃഷ്ണൻ എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിക്ക് അതേക്കുറിച്ച് പറയാനുള്ളത് പറയാം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, 30-3-79 വെള്ളിയാഴ്ച രാവിലെ ഒൻപതര മണിയോടുകൂടിയാണ് പുതുക്കുളം ഓച്ചിറ വഴി ഓടിക്കൊണ്ടിരുന്ന കെ.എൽ.വി. 304-ാം നമ്പർ ബസ്സിനു അപകടം സംഭവിച്ചത്. പത്തനംതിട്ടയ്ക്ക് നാലു കിലോമീറ്റർ കിഴക്കുള്ള തളിയിക്കൽപടി എന്ന സ്ഥലത്തുവച്ച് രണ്ടു കിലോമീറ്റർ ഇറക്കമുള്ള ഒരു കൊടും വളവ് തിരിഞ്ഞ് വണ്ടി വരികയായിരുന്നു. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോൾ 90 ഡിഗ്രി കൊടുംവളവ് തിരിക്കുന്നതിന് ഡ്രൈവർക്ക് പറഞ്ഞുകൊടുത്തുള്ള ഒന്നാം മീറ്റർ ആഴമുള്ള കുഴിയിലേക്ക് വണ്ടി ചാടിയത്. നേരെ എതിരെയുള്ള കട്ടിംഗിൽ ഇടിച്ച് ബസ് ലാന്റ് ചെയ്തു. 27 പേർ സ്ഥലത്തുവച്ചു മരിക്കുകയും 115 ആളുകൾക്ക് കഠിനമായ പരിക്കേൽക്കുകയും ചെയ്തു. പരിക്കേറ്റവരെ

LIBRARY ARCHIVES Kerala Legislative Assembly